| No1/SEC/CKV/E-TENDER/2026-27 | തിയ്യതി 23.09.2026 |
|---|---|

# ചെറുകാവ് ഗ്രാമ പഞ്ചായത്ത്
# ഇ-ടെണ്ടർ പരസ്യം

ചെറുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവ്വഹണം നടത്തുന്ന സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (പ്രോജക്ട് നം.100/2027) എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ ചെറുകാവ് ഗ്രാമ പഞ്ചായത്ത് ഓഫീസ്/ www.etenders. kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

| S.No. | Project No | Name of work | Estimate Amount | Tender Fee | EMD |
|---|---|---|---|---|---|
| 1 | 100/27 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- | 8,00,000/- | 1,765/-(Including GST) | 20,000/- |

## നിബന്ധനകൾ

1) അംഗീകൃത ഇലക്ട്രിക്കൽ /വയർമാന് ലൈസൻസ് ഉള്ളവരില് നിന്നും മാത്രം ദർഘാസ് ക്ഷണിക്കുന്നു.

2) ടെണ്ടറിന് പഞ്ചായത്ത് രാജ് നിയമവും പ്രൊക്വർമെൻറ് മാന്വലും ബാധകമായിരിക്കുന്നതാണ്..

3) ദർഘാസിനൊപ്പം 200/- രൂപ മുദ്രപത്രത്തിലുള്ള പ്രാഥമിക കരാര് ഉടമ്പടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

4) നിരതദ്രവ്യമായി അടവാക്കിയ രസീത് ദർഘാസിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

5) ഒരു ഇലക്ട്രിക് പോസ്റ്റിലെ തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തി 1 വർഷത്തേക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ തുകയാണ് രേഖപ്പെടുത്തേണ്ടത്(എല്ലാത്തരം നികുതികളും ചെലവുകളും ഉൾപ്പെടെ)

6) നിശ്ചിത സമയം കഴിഞ്ഞുലഭിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7) ഏതൊരു ദർഘാസും കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്.

8) ദർഘാസിന് അംഗീകാരം കിട്ടുന്ന സ്ഥാപനം / കരാറുകാരൻ പഞ്ചായത്തുമായി നിയമപരമായ കരാറിൽ ഏർപ്പെടേണ്ടതും പഞ്ചായത്ത് ആവശ്യപ്പെടുന്ന ലൈറ്റുകള് യഥാസമയം റിപ്പയർ ചെയ്യേണ്ടതുമാണ്.

9) ദർഘാസ് സംബന്ധിച്ച നിലവിലുള്ള എല്ലാ വ്യവസ്ഥകളും സർക്കാർ ഉത്തരവുകളും കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികളും ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

10) ദർഘാസ് സംബന്ധിച്ച വിവരങ്ങള് www.etenders. kerala.gov.in എന്ന വെബ്സൈറ്റിലും നിന്നും ലഭ്യമാണ്.

11) കരാറുകാർ കരാര് സംബന്ധമായി ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള രേഖകള് യഥാസമയം സെക്രട്ടറി,ചെറുകാവ് ഗ്രാമപഞ്ചായത്ത്,പെരിയമ്പലം, പുളിക്കല് പി.ഒ എന്ന മേൽ വിലാസത്തില് / ചെറുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

12) റിപ്പയർ ചെയ്യുമ്പോൾ മാറ്റിയ ലൈറ്റുകള് /ഉപകരണങ്ങൾ എന്നിവ (പോസ്റ്റ് നമ്പർ,വാർഡ് നമ്പര്,അനുബന്ധ വിവരങ്ങൾ സഹിതം രജിസ്റ്ററില് രേഖപ്പെടുത്തി) ചെറുകാവ് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

13) സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ച എല്ലാ ജോലികളും ചെയ്യുമ്പോഴും കെ എസ് ഇ ബിയിൽ നിന്നുള്ള രേഖാമൂലമുള്ള അനുമതിയോട് കൂടി ആവശ്യമായ എല്ലാ സുരക്ഷാ മുൻകരുതലുകളും കരാറുകാരൻതന്നെ കൈക്കൊള്ളേണ്ടതാണ്.

14) IT 1 MD SURFACE BOX, IT 1 SWITCH 6 A,12 INCH SHADE,55 cm BRACKET, PENDANT HOLDER, 15 WATTS LED BULB, 2.5mm service wire എന്നി MATERIAL ഉപയോഗിച്ച് ലൈറ്റുകളുടെ MAINTENANCE WORK പൂർത്തികരിക്കേണ്ടാതാണ്.

15) തെരുവു വിളക്ക് റിപ്പയര് ജോലിക്കുള്ള റിസ്ക്ക് പരിഗണിച്ച് ടി പ്രവർത്തികളില് ഏർപ്പെടുന്നവർക്ക് ഉചിതമായ തുകയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരിക്കേണ്ടതും ,ടി പോളിസി അപേക്ഷകൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുത്തിരിക്കേണ്ടതുമാണ്.

16) ഈ പ്രവൃത്തിയിൽ മുൻപരിചയം ഉള്ളവര് ആയത് തെളിയിക്കുന്ന രേഖകള് ഹാജരാക്കേണ്ടതാണ്.

17) ടെണ്ടറിൽ കരാര് ലഭിക്കുന്നവര് ആകെ കരാര് തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്.

18) തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഏത് തകരാറുകൾക്കും അപകടങ്ങൾക്കും ഗ്രാമ പഞ്ചായത്തിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

19) ഓരോ ഗഡു അനുവദിക്കുന്നതിനും അപേക്ഷ നൽകുമ്പോള്ചെറുകാവ് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലേയും മെമ്പർമാരില് നിന്നും തങ്ങളുടെ വാർഡിലെ

തെരുവ് വിളക്കുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്ന സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.എല്ലാ വാർഡുകളിലേയും മെമ്പർമാരുടെ സാക്ഷ്യപത്രം ലഭിക്കാതെ യാതൊരു കാരണവശാലും തുക അനുവദിക്കുന്നതല്ല.

Cherukavu Grama Panchayat Office
Pulikkal P.O.
Pin: 673 637
Malappuram Dist.

SANTHOSH. C
PEN: 584887
Secretary, Cherukavu Grama Panchayat
Periyambalam, Pulikkal P.O.
Malappuram Dt., 673637
Ph: 0483 2791052, 9496047805